# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5561** 2-11-2016 -ൽ മറുപടിക്ക്

**പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഗാർഹിക-വ്യാവസായിക കണക്ഷൻ**

| | ചോദ്യം<br>ശ്രീ. ബി.സത്യൻ : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ഗാർഹിക-വ്യാവസായിക കണക്ഷൻ ലഭ്യമാകുന്നതിന് വൈദ്യുതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള സൗജന്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | | ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ 1000 വാട്ട്സ് കണക്ടഡ് ലോഡ് വരെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി നൽകി വരുന്നു. ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം കേന്ദ്രാ വിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായഗ്രാമ ജ്യോതി യോജന (DDUGJY) യിൽ ഉൾപ്പെടുത്തി സൗജന്യ ഗാർഹിക കണക്ഷനുകൾ ബോർഡ് നല്കി വരുന്നുണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിലുള്ള ബി.പി.എൽ. ഗുണഭോക്താക്കളും ഉൾപ്പെടും.<br>വ്യാവസായിക കണക്ഷൻ ലഭ്യമാക്കുന്നതിന് ഒരു വിഭാഗക്കാർക്കും സൗജന്യങ്ങളൊന്നും ബോർഡ് ഇപ്പോൾ നൽകുന്നില്ല.<br>മാർച്ച് 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ബി.പി.എൽ ഗുണ ഭോക്താക്കൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ നല്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിലുള്ള ബി.പി.എൽ. വിഭാഗക്കാർക്കും പ്രസ്തുത പദ്ധതിയിലൂടെ സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കും. |

**സെക്ഷൻ ഓഫീസർ**